# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 614 — 01-12-2015-ൽ മറുപടിക്ക്

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ ആകെ പൈപ്പ്ലൈൻ വിന്യസിക്കേണ്ട 83.70 കി.മി. ദൈർഘ്യമുള്ള ഭൂമിയുടെ P&MP Act സെക്ഷൻ 3(1), 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ജില്ലയിൽ അഞ്ച് സെക്ഷനലൈസിംഗ് വാൽവ് (SV) സ്റ്റേഷനുകൾക്കും ഒരു ഇന്റർമീഡിയേറ്റ് പിഗ്ഗിംഗ് (IP) സ്റ്റേഷനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇവയിൽ മൂന്ന് SV സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ വിവിധ കർഷക യൂണിറ്റുകളുമായി ജില്ലാ കലക്ടറുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തുകയും, ഭൂമിയുടെ നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതിന് കലക്ടറോട് അഭ്യർത്ഥിക്കുകയുംചെയ്തിട്ടുണ്ട്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നു വരുന്നു. ആകെയുള്ള 83.70 കി.മീറ്ററിൽ 54.05 കി.മി. ദൂരത്തെ മഹസർ പൂർത്തിയായി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ആഗോള പുനർ ടെൻഡർ ക്ഷണിക്കുകയും, കോൺട്രാക്ടറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയും ചെയ്യുന്നു. വാൽവ് സ്റ്റേഷനുകൾക്കുള്ള സ്ഥലപരിവർത്തനത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ വിവിധ യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. |

**(ബി)** ഇതു സംബന്ധിച്ച് ജനങ്ങളിലുണ്ടായ ആശങ്ക ദുരീകരിക്കുന്നതിനും സ്ഥലം ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരി ച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

**(ബി)** ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന്, പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും, ഗ്യാസ്പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷ യെക്കുറിച്ചുള്ള ഉൽക്കണ്ഠ അകറ്റുന്നതിന്, ഒരു പബ്ലിക് റിലേഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും, വിവിധ മാധ്യമങ്ങ ളിലൂടെ ബോധവൽക്കരണം നടത്തി വരി കയും ചെയ്യുന്നു. വിളകൾക്ക് കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും, സ്ഥലത്തിന് ന്യായവിലയുടെ 50% വും നഷ്ട പരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥലമുടമകൾക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന പരാതി യിൻമേൽ, സ്ഥലമുടമകളുമായി ജില്ലാ കലക്ട റുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ